**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **1438** 11-06-2019 -ൽ മറുപടിക്ക്

## പ്രളയാനന്തര ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കാരാട്ട് റസാഖ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയത്തിൽ കിണർ നഷ്ടപ്പെട്ടവർക്ക് പരമാവധി ധനസഹായമായി ലഭിക്കുന്ന ആയിരത്തി അഞ്ഞൂറ് രൂപ വളരെ അപര്യാപ്തമായതിനാൽ ഈ തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | എ) | കിണർ നഷ്ടപ്പെട്ടാൽ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം നല്കുവാൻ വ്യവസ്ഥ ഇല്ല. ഇത്തരത്തിൽ തുക നൽകുന്നത് ഓഡിറ്റ് പരാമർശത്തിന് കാരണം ആകും. |
| ബി) | വീടിന്റെ സംരക്ഷണ ഭിത്തി തകർന്നവർക്ക് നിലവിൽ ധനസഹായ ത്തിന് അർഹതയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ദുരന്ത പ്രതികരണ നിധിയിൽ നിന്നും സംരക്ഷണ ഭിത്തിക്ക് സഹായം നല്കുവാൻ വ്യവസ്ഥയില്ലാത്തതാണ്. |
| സി) | കോഴിക്കോട് ജില്ലയിൽ പ്രളയം ഏറ്റവും കൂടുതൽ ബാധിച്ച താമരശ്ശേരി താലൂക്ക് പരിധിയിൽ ഇപ്പോഴും ഭീഷണി നിലനിൽക്കുന്നു എന്ന് റവന്യൂ അധികാരികൾ റിപ്പോർട്ട് ചെയ്തിരുന്ന 54 വീടുകൾക്ക് സർക്കാർ എന്തെങ്കിലും പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ? | സി) | സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ